കേരള വികസനത്തിന്റെ നാഴികക്കല്ലായ കൊച്ചി മെട്രോ ഓടിതുടങ്ങുമ്പോൾ സംസ്ഥാന വ്യവസായ സുരക്ഷാ സേനക്കും (State Industrial Security Force) കേരളാ പോലീസിനും ഇത് അഭിമാനത്തിന്റെ നിമിഷം കൂടിയാണ്. SISF സുരക്ഷ നൽകുന്നതിൽ ഏറ്റവും കൂടുതൽ അംഗബലം വിന്യസിച്ചിരിക്കുന്നത് കൊച്ചി മെട്രോക്ക് വേണ്ടിയാണ്. 22 ഹവിൽദാർ മാരും 86 പോലീസുകാരും 30 വനിതാപോലീസുകാരും ഉൾപ്പെടെ 138 സേനാംഗങ്ങളെയാണ് ഒന്നാം ഘട്ടത്തിലെ 11 സ്റ്റേഷനുകളിലെ സുരക്ഷക്കായി നിയമിച്ചിരിക്കുന്നത്.

കേരളാ പോലീസിലെ വിവിധ ബറ്റാലിയനുകളിൽ നിന്നും തിരഞ്ഞെടുത്ത മിടുക്കരായ പോലീസുകാർക്ക് ബാഗേജ് സ്കാനിംഗ്, ആന്റി സബോട്ടെജ്, ഫയർ ഫൈറ്റിംഗ്, ഫ്രിസ്കിംഗ്, മാൻ മാനേജ്മന്റ് തുടങ്ങിയവയിൽ ആധുനിക പരിശീലനം നൽകിയാണ് കൊച്ചി മെട്രോയുടെ സുരക്ഷക്കായി നിയമിച്ചിട്ടുള്ളത്. പോലീസിൽ നിന്ന് വ്യത്യസ്തമായ യൂണിഫോമിലായിരിക്കും ഇവർ ഡ്യൂട്ടി നിർവഹിക്കുന്നത്.

2011 ലാണ് കേരളത്തിലെ സർക്കാർ, പൊതു, സ്വകാര്യ മേഖലകളിലെ പ്രധാന സ്ഥാപനങ്ങൾ, ഡാമുകൾ മുതലായവയുടെ സുരക്ഷക്കായി സംസ്ഥാന വ്യവസായ സുരക്ഷാ സേന (SISF) രൂപീകരിച്ചത് . റിസർവ്വ് ബാങ്ക്, ഇൻഫോ പാർക്ക് , മലബാർ സിമന്റ്സ്, തുടങ്ങി, കേരളത്തിലെ മിക്കവാറും എല്ലാ ബാങ്കുകളുടെയും കറൻസി ചെസ്റ്റുകള്, എന്നിവയ്ക്ക് SISF സുരക്ഷ നിർവഹിക്കുന്നുണ്ട്. സ്ഥാപനങ്ങൾക്ക് മതിയായ സുരക്ഷ നൽകുന്നതിലൂടെ സർക്കാരിന് റവന്യൂ വരുമാനം നേടിക്കൊടുക്കുന്ന പോലീസിലെ വിഭാഗമാണ് സംസ്ഥാന വ്യവസായ സുരക്ഷാ സേന.